ഉത്തരം

(എ)(ബി),(സി)&(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

17 (2317) ഈ സർക്കാർ നൽകിയ നിയമനങ്ങൾ

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഈ സർക്കാർ അധി കാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-12-99 വരെ പി.എസ്.സി.വഴി 74293 പേർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 72989 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

18 (2318) ക്ഷേമനിധി ബോർഡുകളിലെ നിയമനം

പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ ഈ സർക്കാർ അധി കാരത്തിൽ വന്നശേഷം എത്രപേരെ പുതുതായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കുമോ;

(ബി) പി.എസ്.സി.യേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനേയും മറി കടന്ന് നേരിട്ട് നിയമിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(സി) ഇറിഗേഷൻ, ഭൂജലവകുപ്പ്, വാട്ടർ അതോറിറ്റി, വിവിധ ക്ഷേമ നിധി ബോർഡുകൾ എന്നിവിടങ്ങളിൽ പ്രസ്തുത രീതിയിൽ നേരിട്ട് നടത്തി യിട്ടുള്ള നിയമനങ്ങൾ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം അനധികൃത നിയമനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥ ന്മാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 222 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) അനിവാര്യമായ തസ്തികകളിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായിട്ട് മാത്രമേ താത്ക്കാലികാടിസ്ഥാനത്തിൽ നേരിട്ട് നിയനം നടത്തിയിട്ടുള്ളൂ.

(സി) ജലസേചന വകുപ്പിൽ പി.എസ്.സി. മുഖാന്തിരമാണ് നിയമനം നടത്തിയിരിക്കുന്നത്. ഭൂജലവകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പു കളിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസിലെ നിയമനങ്ങൾക്ക് വിധേയമായി പി.എസ്.സി. മുഖാന്തിരമാണ് നിയമനം നടത്തിയിരുന്നത്. തൊഴിലാളി ക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly

നിധി ബോർഡുകളിൽ മുഖ്യമായും ഡെപ്യൂട്ടേഷൻ വഴിയാണ് നിയമനം നടത്തിവരുന്നത്. എന്നാൽ ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 179 ദിവസത്തിൽ അധികരിക്കാത്ത രീതിയിൽ താത്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നുണ്ട്. കൂടാതെ അനിവാര്യമായ തസ്തികകളിലേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും നിയമനം നടത്തിവരുന്നു. ഈ നിയമനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായിട്ടായതിനാൽ റദ്ദാക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

19 (2319) വികലാംഗ പെൻഷൻ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗർക്ക് നൽകിവരുന്ന സൗജന്യങ്ങളും ആനുകൂല്യങ്ങളും കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വികലാംഗ പെൻഷൻ 5000 രൂപയായി വർദ്ധിപ്പിക്കുവാൻ സർക്കാർ നടപടിയെടുക്കുമോ;

(സി) അന്ധർക്ക് ജോലി സംവരണം കൃത്യമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം സർക്കാർ സംവിധാനങ്ങളാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വികലാംഗർക്ക് നൽകി വരുന്ന സൗജന്യങ്ങളും ആനുകൂല്യങ്ങളും കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.

വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ സദനങ്ങൾക്കുള്ള ഗ്രാന്റ്, സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന മന്ദബുദ്ധിയായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവയ്ക്ക് നിശ്ചയിച്ചിരുന്ന കുടുംബ വാർഷിക വരുമാന പരിധി 24000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അന്ധരായ അഭിഭാഷകർക്ക് വായനാ സഹായിക്ക് നൽകി വരുന്ന റീഡേഴ്സ് അലവൻസ് 400 രൂപയിൽ നിന്നും 1000 രൂപയായി ഉയർത്തിയിട്ടുണ്ട്.

മികച്ച വികലാംഗ ജീവനക്കാർക്കുള്ള സംസ്ഥാന അവാർഡ് തുക 1000 രൂപയിൽനിന്ന് 3000 രൂപയായി ഉയർത്തിയിട്ടുണ്ട്. വികലാംഗ തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ പരിശീലകർക്ക് പ്രതിമാസ സ്റ്റൈപെന്റ് 150 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വികലാംഗ പെൻഷൻ 90 രൂപയിൽനിന്നും 110 രൂപയായി ഉയർത്തിയിട്ടുണ്ട്. സർക്കാർ സർവ്വീസിലെ ക്ലാസ് III, IV തസ്തികകളിൽ മൊത്തം ഒഴിവുകളുടെ 3 ശതമാനം വികലാംഗർക്ക് സംവരണം ചെയ്തു. ഈ വിഭാഗക്കാർക്ക് അനുയോജ്യമായ തസ്തികകൾ നോട്ടിഫൈ ചെയ്തു. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 1-1-97 മുതൽ 14-8-98 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്താനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly